**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5002** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോമിയോപ്പതി ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ; | (എ) | സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറികൾക്ക് ഏകീകൃത സ്റ്റാഫ് പാറ്റേൺ ഇപ്പോൾ നിലവിലില്ല. ഓരോ സ്ഥാപനങ്ങളും കാലാകാലങ്ങളിൽ അനുവദിക്കുമ്പോൾ അതോടൊപ്പം അനുവദിക്കുന്ന സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത്. അത് പ്രകാരം ഹോമിയോപ്പതി ഡിസ്പെൻസറികളിൽ 5 വ്യത്യസ്തമായ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോൾ നിലവിലുള്ളത്. ക്രമ നം. സ്റ്റാഫ് പാറ്റേൺ 1. മെഡിക്കൽ ഓഫീസർ/ ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-അറ്റൻഡർ-പി.റ്റി.എസ്. 2. മെഡിക്കൽ ഓഫീസർ/ ചീഫ് മെഡിക്കൽ ഓഫീസർ-ഡിസ്പെൻസർ-വാച്ചർ കം സ്വീപ്പർ/ സ്വീപ്പർ-കം-പ്യൂൺ 3. മെഡിക്കൽ ഓഫീസർ/ ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-ഓഫീസ് അറ്റൻഡന്റ്-പി.റ്റി.എസ്. 4. മെഡിക്കൽ ഓഫീസർ 5. മെഡിക്കൽ ഓഫീസർ/ ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-സ്വീപ്പർ-കം-പ്യൂൺ |
| (ബി) | എല്ലാ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ ഡിസ്പെൻസർ തസ്തിക മാത്രമുള്ള 91 ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ തസ്തിക സൃഷ്ടിക്കുന്നതിന് ആയുഷ് വകുപ്പിന് പൊതുവായി അനുവദിച്ചിട്ടുള്ള 300 തസ്തികകളിൽ ഫാർമസിസ്റ്റിന്റെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | ഹോമിയോപ്പതി ഡിസ്പെൻസറികളിൽ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ